ശ്രീ. കെ. എം. ജോർജ് : മാർച്ച് ഒന്നാം തീയതി പൂവച്ചാൽ വച്ച് മന്ത്രി പ്രസംഗിച്ചിട്ടില്ലേ ?

ശ്രീ. എം. കെ. കൃഷ്ണൻ : മാർച്ച് ഒന്നാം തീയതിക്ക് നാലഞ്ചു ദിവസം മുമ്പാണ് ഞാൻ പ്രസംഗിച്ചത്. മാർച്ച് ഒന്നാം തീയതിയിലെ മാതൃഭൂമിയിലാണ് വാർത്ത വന്നത്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : ഐക്യമുന്നണി ഗവൺമെന്റിനെ എന്തെങ്കിലും തടസ്സം ഉദ്യോഗസ്ഥൻമാരുടെ പ്രവൃത്തികൊണ്ട് നേരിടുന്നു എന്നുള്ളതിൽ വാസ്തവമുണ്ടോ ?

ശ്രീ. എം. കെ. കൃഷ്ണൻ : ഞാൻ അങ്ങനെ പ്രസംഗിച്ചിട്ടില്ലെന്നു പറഞ്ഞുകഴിഞ്ഞു.

കോൺട്രാക്ടറ് തൊഴിലാളികളുടെ സേവനവ്യവസ്ഥ

* 895 [1263] ശ്രീ. കെ ഐ രാജൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽമന്ത്രി സദയം മറുപടി നൽകുമോ :

കോൺട്രാക്ടറ് തൊഴിലാളികളുടെ സേവനവ്യവസ്ഥകൾ ക്രമീകരിക്കുന്ന ഒരു നിയമ നിർമ്മാണത്തിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ആരോഗ്യമന്ത്രി (ശ്രീ. ബി. വെല്ലിംഗ്ടൺ) : 1967-ൽ കോൺട്രാക്ടറ് ലേബർ സർവ്വീസസ് റഗുലേഷൻ ആൻഡ് അബോളിഷൻ ബിൽ ലോകസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്. അതിനാൽ ഇത്തരം ഒരു നിയമനിർമ്മാണത്തിന് കേരള ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല

ശ്രീ. കെ. ഐ. രാജൻ : ഒരു നിയമത്തിനും വിധേയമല്ലാത്ത ഒരു വിഭാഗം തൊഴിലാളികൾ ഇന്നത്തെ നിലയിൽ ഇൻഡ്യൻ ലേബർ കോൺഫറൻസ് തന്നെ കോൺട്രാക്ടറ് സിസ്റ്റം അവസാനിപ്പിക്കേണ്ടതാണെന്ന് തീരുമാനിക്കുകയും പാർലമെന്റ് അത് കാര്യമായി ആലോചിക്കുകയും ചെയ്തിട്ടും ചില സമ്മർദ്ദത്തിന്റെ അടിസ്ഥാനത്തിൽ ആ നിയമം വെളിച്ചം കാണാതെ ഇരിക്കുകയാണ്. അതുകൊണ്ട് അത്തരത്തിൽ ഒരു നിയമനിർമ്മാണം കൊണ്ടുവരുവാൻ ഈ ഗവൺമെന്റ് ശ്രമിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : കേന്ദ്രഗവൺമെന്റ് അതിന് ശ്രമിക്കുന്നതുകൊണ്ടാണ് ഇപ്പോൾ അത് പേണ്ടെന്നു വച്ചിട്ടുള്ളത്.

ശ്രീ. കെ. ടി. ജേക്കബ് : അടുത്തകാലത്ത് ഇടുക്കിയിൽ പണി സ്തംഭിച്ചു നിൽക്കുകയാണ്. കോൺട്രാക്ടറന്മാർ ഇന്ന് തൊഴിലാളികൾക്ക് ന്യായമായ കൂലി കൊടുക്കാത്തത് ഈ നിയമം ഇല്ലാത്തതിന്റെ പേരിലാണ്.

മി. സ്പീക്കർ : ഇടുക്കിയിലെ കാര്യം ഈ ചോദ്യത്തിൽ വരികയില്ല.

ശ്രീ. കെ. കരുണാകരൻ : ഈ ലെജിസ്ലേഷനെ സംബന്ധിച്ച് കേന്ദ്രം സ്റ്റേറ്റ് ഗവൺമെന്റിന്റെ അഭിപ്രായം ചോദിച്ചിട്ടുണ്ടോ ; പറഞ്ഞിട്ടുണ്ടോ?

ശ്രീ. ബി. വെല്ലിംഗ്ടൺ : അത്യാവശ്യമാണെന്നാണ് സ്റ്റേറ്റ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. ആർ. എസ്. ഉണ്ണി : കേന്ദ്ര ഗവൺമെന്റ് കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്ന നിയമം പ്രധാനമായും കോൺട്രാക്ടറ് സിസ്റ്റം അവസാനിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. ഈ ചോദ്യം കോൺട്രാക്ടറ് തൊഴിലാളികളുടെ സേവനവ്യവസ്ഥകൾ ക്രമീകരിക്കുന്ന നിയമ നിർമ്മാണത്തിന്

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശിച്ചിട്ടുണ്ടോ എന്നാണ്. കേരളത്തിൽ കൺട്രാക്റ്റ് തൊഴിലാളികളുടെ ഗുണമായ വിഭാഗമാണെന്നുള്ളതു പരിഗണിച്ചു് അവരുടെ സേവനവ്യവസ്ഥക്കു് ആവശ്യമായ ക്രമീകരണം നടത്തുന്നതിനു് ശ്രമിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : കേന്ദ്ര ഗവൺമെന്റ് കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്ന നിയമത്തിൽ രണ്ടുമുണ്ടു്.

ശ്രീ. പി ഗംഗാധരൻ : തൊഴിലാളികൾക്കു് ശരിക്കുള്ള സേവനവ്യവസ്ഥകൾ നടക്കുന്നില്ല, പ്രത്യേകിച്ചു് ഹാർബർ തൊഴിലാളികളുടെ കാര്യത്തിൽ. അതുകൊണ്ടു് എത്രയും വേഗം തൊഴിലാളി മുതലാളി ബന്ധം സ്ഥാപിച്ചെടുക്കുന്നതിനു് സൗകര്യം ഉണ്ടാക്കുന്നതിനുകൂടി പ്രത്യേകം ശ്രദ്ധിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ഇത്തരം കാര്യങ്ങൾ ലേബർ ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ അതു് കൈകാര്യം ചെയ്യുന്നതാണു്.

ശ്രീ. എൻ. കണാപ്പി : *സർ, ഇന്ത ലേജിസ്ലേഷൻ ഏർപടുത്ത നമ്മുടെയ കവർമെൻടുക്കും ഇന്ത സഭൈക്കും അതികാരം ഉണ്ടാ ?*

ശ്രീ. ബി. വെല്ലിംഗ്ടൺ : അക്കാര്യം പരിശോധിച്ചു് പറയാമെന്നു സാധിക്കുകയുള്ളൂ.

ശ്രീ. വി വി. ദക്ഷിണാമൂർത്തി : ഇന്നു് പ്രൊജക്റ്റ് പ്രദർശങ്ങളിൽ കൺട്രാക്റ്റർമാരുടെ കീഴിൽ യാതൊരു വ്യവസ്ഥയുമില്ലാതെ പതിനാറും പതിനെട്ടും മണിക്കൂറുകൾ ജോലി ചെയ്യിക്കുകയും പുരുങ്ങിയ വേതനം മാത്രം കൊടുക്കുകയുംചെയ്യുകയും തൊഴിലാളികൾ എന്തെങ്കിലും ആവശ്യങ്ങൾ ഉന്നയിച്ചാൽ അവരെ പിരിച്ചുവിടുകയും ചെയ്യുന്നുണ്ടു്. അങ്ങനെയുള്ള തൊഴിലാളികളെ ഇതിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനു് ശ്രമിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : കൺട്രാക്റ്റർമാരുടെ കീഴിൽ വരുന്ന ആളുകളെ ഉൾപ്പെടുത്തികൊണ്ടാണു് നിയമം ഉണ്ടാക്കാൻ പോകുന്നതു്.

ശ്രീ. എം. എം തോമസ് : ഈ പറയുന്ന നിയമം ഉണ്ടാക്കാൻ കാലതാമസം ഉണ്ടാകുമെന്നുള്ളതുകൊണ്ടു് ഇടുക്കി പദ്ധതിയിൽ ജോലിയെടുക്കുന്ന തൊഴിലാളികളുടെ സേവനവ്യവസ്ഥ നിശ്ചയിക്കുന്നതിനു് എന്തെങ്കിലും ഉപാധികൾ കണ്ടുപിടിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : അതിനുള്ള നടപടികൾ എടുത്തുവരികയാണു്.

വിദ്യാഭ്യാസരംഗത്തു് പരിഷ്ക്കാരങ്ങൾ

* 896 [1264] ശ്രീ. എ. എസ്. എൻ. നമ്പീശൻ :
,, ഈ. വി. കുമാരൻ :
,, വി. വി. ദക്ഷിണാമൂർത്തി :
,, സി. ഗോവിന്ദപ്പണിക്കർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റിലെ വിദ്യാഭ്യാസ ഉപദേശകബോർഡു് വിദ്യാഭ്യാസരംഗത്തുവരുത്തേണ്ടതായ പരിഷ്ക്കാരങ്ങളെ സംബന്ധിച്ചു് വല്ല ഉപദേശവും ഗവൺമെന്റിനു് സമർപ്പിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly